GOVT. BRENNEN COLLEGE CENTRAL LIBRARY THALASSERY

K20U 0057

Reg. No.: ..............................

Name : ..................................

**VI Semester B.A. Degree (CBCSS – Regular) Examination, April 2020**
**(2017 Admission)**
**CORE COURSE IN MALAYALAM**
**6B15 MAL : Gadya Sahithyam**

Time : 3 Hours Max. Marks : 40

I. **മുന്നൂറു** വാക്കിൽ കവിയാതെ **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(2×7=14)**

1) പ്രസന്നതയും ശുഭാപ്തി വിശ്വാസവും മനുഷ്യസ്നേഹവുമാണ് അരങ്ങു കാണാത്ത നടൻ എന്ന ആത്മകഥയുടെ സവിശേഷത – ചർച്ച ചെയ്യുക.

2) സഞ്ചാരസാഹിത്യകൃതിയെന്നതിലുപരി കണ്ണൂരിന്റെ ചരിത്രരേഖയാണ് കണ്ണൂർ കോട്ട – വിശകലനം ചെയ്യുക.

3) ജീവിച്ചിരിക്കുന്ന ഭാര്യ, മൺമറഞ്ഞുപോയ ഭർത്താവിനു നല്കുന്ന പ്രേമോപഹാരമാണ് ഇവനെന്റെ പ്രിയ സിജെ എന്ന പുസ്തകം – ഈ പ്രസ്താവന പരിശോധിക്കുക.

4) മിഷണറിഗദ്യത്തിന്റെ സവിശേഷതകൾ വിവരിക്കുക.

II. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×3=12)**

5) നമ്പ്യാന്തമിഴിന്റെ സവിശേഷതകൾ എന്തെല്ലാം ?

6) ഭാഷാകൗടലീയത്തിന്റെ സാഹിത്യചരിത്രപരമായ പ്രാധാന്യം വിശദീകരിക്കുക.

7) സരളമായ ഒരു ഉപന്യാസത്തിന് അവശ്യം വേണ്ടതായി ഗുപ്തൻ നായർ നിരീക്ഷിക്കുന്നതെന്തെല്ലാം ?

8) മലയാള ഗദ്യഭാഷാശൈലിയിൽ ഒരു പ്രസ്ഥാനത്തോളം തന്നെ പ്രേരണ ചെലുത്താനായ വ്യക്തിയായിരുന്നു കേരളവർമ്മ വലിയകോയിത്തമ്പുരാൻ – വിശദീകരിക്കുക.

9) അച്ചടിയും പത്രമാസികകളും ഗദ്യത്തിന്റെ വളർച്ചയിൽ വഹിച്ച പങ്കിനെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കുക.

10) മലയാളത്തിലെ ജീവചരിത്രസാഹിത്യത്തിന്റെ വികാസരേഖകൾ വിശദീകരിക്കുക.

P.T.O.

III. നൂറു വാക്കിൽ കവിയാതെ നാല് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (4×2=8)

11) വർത്തമാനപ്പുസ്തകത്തിന് മലയാളഗദ്യചരിത്രത്തിന്റെ സ്ഥാനമെന്ത് ?

12) 'നിങ്ങൾ എന്തു പറഞ്ഞാലും ഞാൻ മാപ്പാക്കിയിരിക്കുന്നു', കാരണമെന്ത് ?

13) ആട്ടപ്രകാരത്തിലെ ഗദ്യത്തിന്റെ സ്വഭാവമെന്ത് ?

14) 'ഇന്ത്യൻ ജീവിതത്തിന്റെ അലകും പിടിയും മാറാൻ ഭക്തികാലം കാരണമായി' – എങ്ങനെ ?

15) സഞ്ജയന്റെ ഹാസ്യോപന്യാസങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

16) 'പ്രബന്ധം പറയൽ' എന്നാലെന്ത് ?

IV. ഒരു വാക്യത്തിലോ വാക്കിലോ ആറ് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (6×1=6)

17) വാസനാവികൃതി പ്രസിദ്ധീകരിക്കപ്പെട്ടത് ഏത് മാസികയിലാണ് ?

18) ഇ. വി. കൃഷ്ണപിള്ള പത്രാധിപരായിരുന്ന പത്രം ഏത് ?

19) റോമൻ കത്തോലിക്കാസഭയുടെ വേദോപദേശം നാട്ടുകാരുടെ മലയാളത്തിൽ അവതരിപ്പിക്കാൻ ശ്രമിച്ച ഗ്രന്ഥം ഏത് ?

20) പുരോഹിതരെ കത്തനാർ എന്നും പാതിരി എന്നും വേർതിരിച്ചു വിളിച്ചിരുന്നതിന്റെ അടിസ്ഥാനമെന്തായിരുന്നു ?

21) പ്രിയങ്കരമായി മാറുന്ന ശൈലിയുടെ മുഖ്യഗുണങ്ങളായി ഗുപ്തൻ നായർ ചൂണ്ടിക്കാട്ടുന്നതെന്തൊക്കെ ?

22) 'ഇത് ഇങ്ങനെ ആടുമവർ' എന്ന വാക്യത്തിൽ അവസാനിക്കുന്ന ഗ്രന്ഥമേത് ?

23) 'ബി. എ. മായാവി'യുടെ രചയിതാവ് ആര് ?

24) സാഹിത്യപഞ്ചാനനന്റെ ആത്മകഥ ഏത് ?